# I.T. SECTION

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 10

09-06-2014-ൽ മറുപടിക്ക്

### ഫാക്ടിനുള്ള സാമ്പത്തിക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഫാക്ടിന്റെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഫാക്ടിനുവേണ്ടി ശുപാർശ ചെയ്ത സാമ്പത്തിക പാക്കേജിന് അനുമതി ലഭിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (ബി) ഫാക്ടിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബി.ആർ.പി.എസ്.ഇ. അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൻ പ്രകാരം 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, നികുതി ഇളവ് തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകൾ ഉൾപ്പെടുന്നു. പ്രസ്തുത സാമ്പത്തിക പാക്കേജിന് അടിയന്തിര പ്രാധാന്യം നൽകി,. കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30/05/2014 ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ കമ്പനി വാങ്ങിയിട്ടുള്ള അധിക ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി രണ്ടു വർഷത്തെ മൊറട്ടോറിയത്തിന് ശേഷം 10 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്ന 300 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിക്കുക, കമ്പനിയുടെ സപ്ലയർമാർക്കും, ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.ക്കും കൊടുത്തു തീർക്കുവാനുള്ള തുക നൽകുന്നതിനായി 250 കോടി രൂപ ഗ്രാന്റായി ലഭിക്കുന്നതിനുള്ള അനുമതിയും നൽകുക മുതലായ ആവശ്യങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ